## 307

ഓ കാൽവറി ഓ കാൽവറി
ഓർമ്മകൾ നിറയും അൻപിൻ ഗിരി

1 അവികല സ്നേഹത്തിൻ അതുല്യമാം ചിത്രം
അഖിലവും കാണുന്നു ക്രൂശതിങ്കൽ (2)
സഹനത്തിൻ ആഴവും ത്യാഗത്തിൻ വ്യാപ്തിയും
സകലവും കാണുന്നു കാൽവറിയിൽ-

2 മനുകുല പാപം മുഴുവനും പേറി
മരക്കുരിശേന്തി യേശു നാഥൻ (2)
പരിശുദ്ധനായവൻ മനുഷ്യനുവേ ി
പകരം മരിച്ചിതാ കാൽവറിയിൽ-

3 അതിക്രമം നിറയും മനുജന്റെ ഹൃദയം
അറിയുന്നോനേകൻ യേശു നാഥൻ (2)
അകൃത്യങ്ങൾ നീക്കാൻ പാപങ്ങൾ മായ്ക്കാൻ
അവിടുന്ന് ബലിയായ് കാൽവറിയിൽ-

4 മലിനത നിറയുമീ മർത്ത്യന്റെ ജീവിതം
മനസ്സലിവിൻ ദൈവം മുന്നറിഞ്ഞു (2)
മറുവിലയാകാൻ മനുഷ്യനായ് വന്നു
മരിച്ചേശു യാഗമായ് കാൽവറിയിൽ-

**Joy J.**